ലക്കം 11

നവംബർ 2025
പുസ്തകം 05

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



**<u>എഡിറ്റോറിയൽ ബോർഡ്</u>**

രക്ഷാധികാരി : റവ. ഫാ. ജിബിൻ രാജ്.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*<u>എഡിറ്റേഴ്സ്</u>*

അതുൽ പി.എസ്.
രമണി റോസ്
സുലോചന
ആൻസി എസ്. എസ്.
എസ്. സുധ

*<u>ലേഔട്ട് & ഡിസൈൻ</u>*

അതുൽ പി.എസ്.



# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 3 |
| 2 | എഡിറ്റേഴ്സ് വോയ്സ് | 4 |
| 3 | പ്രതീക്ഷയുടെ വെളിച്ചം | 5 |
| 4 | ക്രിസ് വോയ്സ് ക്വിസ് | 6 |
| 5 | കുടുംബയോഗങ്ങൾ | 7 |
| 6 | വരി തന്നവർ | 8 |
| 7 | വരവ് ചെലവ് | 9 |
| 8 | ഞങ്ങളുടെ മധ്യസ്ഥൻ ഫ്രാൻസിസ് സേവ്യർ | 11 |



# ഇടയസ്വരം



**ഇടവക വികാരി**
**റവ. ഫാ. ജിബിൻ രാജ്.**

സഭ മൂന്നു തലങ്ങളിലായി വ്യാപിച്ച് കിടക്കുന്നു  വിജയസഭ, സഹനസഭ, സമരസഭ. സ്വർഗ്ഗത്തിലെ വിശുദ്ധരുടെ ഗണമാണ് വിജയസഭ. എന്നാൽ വിശുദ്ധിയുടെ കുറവുമൂലം മരണശേഷം ശുദ്ധീകരണ സ്ഥലത്തായിരിക്കുന്ന ആത്മാക്കളുടെ ഗണമാണ് സഹനസഭ. തിന്മയ്ക്കെതിരെ സമരം ചെയ്യുന്നതിനാൽ നാം ഏവരും ഉൾപ്പെടുന്ന ഭൗമികമായ സഭാ സംവിധാനത്തെ സമരസഭയെന്നും വിളിക്കുന്നു.

നവംബർ മാസത്തിൽ തിരുപുരം സെയ്ന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയത്തെ സംബന്ധിച്ചിടത്തോളം ഈ മൂന്ന് തലത്തിലുള്ള സഭകളുടെയും തിരുനാളുകൾ ആഘോഷിക്കപ്പെടുകയാണ്. നവംബർ ഒന്നാം തീയതി വിജയസഭയിൽ ഉൾപ്പെട്ട സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നു. നവംബർ രണ്ടാം തീയതി സഹനസഭയിൽ ഉൾപ്പെട്ട പരേതാത്മാക്കളുടെ ഓർമ്മ ആചരിക്കുന്നു. ഇരുപത്തിമൂന്നാം തീയതി മുതൽ സമരസഭയിലെ അംഗങ്ങളായ നാം ഏവരും വിജയസഭയിൽ എത്തുവാനുള്ള പരിശ്രമത്തിന്റെ ഭാഗമായി ബൈബിൾ കൺവെൻഷനിലൂടെയും കുമ്പസാരത്തിലൂടെയും കടന്നു പോകുന്നു. വിജയസഭയുടെ മുന്നാസ്വാദനം എന്ന നിലയിൽ സമരസഭയായ നാമേവരും ഒന്ന് ചേർന്ന് 28 ആം തീയതി മുതൽ ഡിസംബർ ഏഴു വരെ ദിവ്യബലിയിൽ പങ്കുചേർന്ന് തിരുനാൾ ആഘോഷിക്കുന്നു. അതിനാൽ തന്നെ തിരുപുറം ഇടവകയെ സംബന്ധിച്ചിടത്തോളം നവംബർ മാസം അനുഗ്രഹത്തിന്റെ ദിനങ്ങളാണ്. സമരസഭാംഗങ്ങളായ നാം ഏവരും വിജയ സഭയിലെത്തുവാൻ അനുദിനം പരിശ്രമിക്കുകയും സഹനസഭയിലെ അംഗങ്ങൾക്കായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യട്ടെ.

# യൂണിറ്റ് വാർഷികം

**മണ്ണക്കൽ ബിസിസി യൂണിറ്റ് വാർഷികം ശ്രീമതി ശോഭനയുടെ ഭവനത്തിൽ 9/11/2025 ന് നടത്തപ്പെടുന്നു**

# എഡിറ്റേഴ്സ് വോയ്സ്



**ചീഫ് എഡിറ്റർ**
**എസ്. ഒ. ഷാജി കുമാർ**

പ്രാദേശിക ജനതയുടെ ഭാവി നിർണയിക്കുന്ന, നാഡീസ്പന്ദനങ്ങൾ തൊട്ടറിയുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലേക്ക് കേരളം കടക്കുകയാണ്. സ്വതന്ത്രവും നിഷ്പക്ഷവുമായി നടത്തപ്പെടുന്ന ഈ ജനാധിത്യപ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്നതോടൊപ്പം പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെയും സമകാലിക ആവശ്യങ്ങളിൽ പ്രധാനപെട്ട ലത്തീൻ സംവരണത്തിന് കീറാമുട്ടിയായ '1947'എന്നതിന് പരിഹാരം കാണുന്നതുൾപ്പടെയുള്ള നിർദേശങ്ങൾ ഉൾക്കൊള്ളുന്ന ജസ്റ്റിസ് കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനും അധികാരപങ്കാളിത്തം ഉറപ്പ് വരുത്താനും നാം ജാഗ്രതാപൂർവം നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. സംഘപരിവാർ വിദ്യാഭ്യാസ നയം അടിച്ചേല്പിക്കാനുള്ള ആസൂത്രിത ശ്രമങ്ങളെ ചെറുക്കാനും, കേരളത്തെ ഉപേക്ഷിച്ച് യുവസമൂഹം വിദേശ രാജ്യങ്ങളിൽ കുടിയേറുന്ന പ്രവണത പരിഹരിക്കാനും, തൊഴിലില്ലായ്മ, ദാരിദ്ര്യം, സ്ത്രീ ശാക്തീകരണം, മദ്യമയക്കുമരുന്ന് വ്യാപനം എന്നിവ പരിഹരിക്കാനും ഇച്ഛാശക്തിയോടെ നയിക്കാൻ കഴിയുന്ന അഴിമതിരഹിതവും അധികാര വികേന്ദ്രീകരണത്തിലൂടെ പൗരന്മാർക്ക് തങ്ങളും ഭരണസംവിധാനത്തിന്റെ ഭാഗമാണെന്ന കരുതലുണ്ടാക്കുന്ന ചിന്ത സംജാതമാക്കുന്ന ത്രിതലഭരണകൂടങ്ങൾ ഒരുക്കാനും നാം വിവേചനപൂർവ്വം നമ്മുടെ സമ്മതിദാന അവകാശം വിനിയോഗിക്കണം.




**25/10/2025 ശനിയാഴ്ച ഇടവക ബി.സി.സി. കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ വട്ടപ്പാറ ശാന്തി ഭവനം സന്ദർശനം**

# പ്രതീക്ഷയുടെ വെളിച്ചം



**അനൂപ് എ. സി.**
**തിരുപുറം മീഡിയ**
**മിനിസ്ട്രി സെക്രട്ടറി**

ഒരു മുറിയിൽ നാല് മെഴുകുതിരികൾ തെളിഞ്ഞുനിന്നു. ആദ്യത്തേത് പറഞ്ഞു, ഞാനാണ് സമാധാനം, പക്ഷേ മനുഷ്യർ എന്നെ വിലമതിക്കുന്നില്ല, എന്ന് പറഞ്ഞ് അത് മങ്ങിപ്പോയി. രണ്ടാമത്തേത് പറഞ്ഞു, ഞാനാണ് വിശ്വാസം, ഇപ്പോൾ ആരും എനിക്കു പ്രാധാന്യം തരുന്നില്ല, എന്ന് പറഞ്ഞ് അതും അണഞ്ഞു. മൂന്നാമത്തേത് പറഞ്ഞു, ഞാനാണ് സ്നേഹം, മനുഷ്യരുടെ ഹൃദയങ്ങളിൽ കഠിനത വളരുന്നു, എന്നും പറഞ്ഞ് അണഞ്ഞുപോയി. അപ്പോഴാണ് ഒരു കുഞ്ഞ് അകത്ത് കയറി മൂന്നു മെഴുകുതിരികളും അണഞ്ഞത് കണ്ടു കരയുന്നത്. അതു കണ്ട നാലാമത്തെ മെഴുകുതിരി പറഞ്ഞു, കരയണ്ടാ കുഞ്ഞേ, ഞാൻ പ്രതീക്ഷയാണ്. ഞാൻ ഉണ്ടെങ്കിൽ ബാക്കിയുള്ളവയെ വീണ്ടും തെളിയിക്കാം. കുഞ്ഞ് അതിന്റെ വെളിച്ചം കൊണ്ട് മറ്റെല്ലാ മെഴുകുതിരികളെയും വീണ്ടും തെളിച്ചു.

ജീവിതത്തിൽ എല്ലാം മങ്ങിയുപ്പോകുന്ന സമയത്തും പ്രതീക്ഷ മാത്രം മങ്ങിയാൽ ഇരുട്ട് പൂർണമാകും. പക്ഷെ പ്രതീക്ഷ നിലനിൽക്കുന്നിടത്ത് എല്ലാം വീണ്ടും തെളിഞ്ഞ് പ്രകാശമായി തീരും.

## കുരിശ്ശടി വാർഷികം

**ചില്ലിൻവിള പരിശുദ്ധ വേളാങ്കണ്ണി മാതാ കുരിശ്ശടി തിരുന്നാൾ 04/11/2025 ചൊവ്വാഴ്ച നടത്തപ്പെടുന്നു**

**കാസർഗോഡ് ജില്ലയിൽ വെറ്ററിനറി സർജനായി നിയമിതനായ മണ്ണക്കൽ ബി.സി.സി യൂണിറ്റ് അംഗമായ**

**ഡോ. മിഥുൻ ജെ. എസ്.ന്**

ഒരായിരം അഭിനന്ദനങ്ങൾ



# ക്രിസ് വോയ്സ് ക്വിസ്
# റൂത്ത് 1 - 4

**വ്യവസ്ഥകൾ** **ടെസ്റ്റ് പേപ്പർ : 01/2025**

1) നവംബർ 22 ശനിയാഴ്ച വൈകുന്നേരം 7:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ഒന്ന്,രണ്ട് സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

1. ജെസ്സെയുടെ പിതാവാര്?
2. ഇസ്രായേൽ ജനത്തിനു ജന്മം കൊടുത്തതായി പറയുന്ന സ്ത്രീകൾ?
3.'നിന്റെ പ്രവർത്തികൾക്ക് കർത്താവു പ്രതിഫലം നൽകും' ആര് ആരോട് പറഞ്ഞു?
4. മെതിക്കളത്തിൽ ചെന്ന് അമ്മായിയമ്മ പറഞ്ഞതുപോലെ ചെയ്തതാര്?
5. വിവാഹം ചെയ്യാൻ കഴിയാത്തവിധം ഞാൻ ________?
6. 'സർവശക്തൻ എന്നോട് വളരെ കഠിനമായിട്ടാണ് പ്രവർത്തിച്ചത് ' എന്ന് പറഞ്ഞതാര്?
7. മൊവാബ്യയും മഹലോന്റെ വിധവയുമായ റൂത്തിനെ ഭാര്യയായി സ്വീകരിച്ചതാര്?
8. എലിമെലെക്കിന്റെ കുടുംബത്തിൽപ്പെട്ട ബോവാസിന്റെ വയലിൽ കാലപെറുക്കാനെത്തിയതാര്?
9. റൂത്ത് ശേഖരിച്ച ധാന്യം എത്ര അളവുണ്ടായിരുന്നു?
10. നവോമിയെ വിട്ടുപോയ മരുമകളുടെ പേര്?
11. റൂത്ത് എത്ര പുത്രന്മാരെക്കാൾ വിലപ്പെട്ടതാണ്?
12. 'എവിടെയാണ് ഇന്ന് നീ കാലപെറുക്കിയത്' ആരുടെ ചോദ്യമാണിത്?
13. ആരുടെ ഭരണകാലത്താണ് നാട്ടിൽ ക്ഷാമമുണ്ടായത്?
14. നിങ്ങൾ മാതൃഭവനങ്ങളിലേക്ക് മടങ്ങി പോകുവിൻ എന്ന് നവോമി ആരോട് പറഞ്ഞു?
15. റൂത്തിനും ബോവാസിനും ജനിച്ച പുത്രൻ?
16. നഗരത്തിൽ നിന്ന് ശ്രേഷ്ഠന്മാരായ എത്രപേരെയാണ് ബോവാസ് വിളിച്ചുകൊണ്ടുവന്നത്?
17. ഭക്ഷണസമയത്തു ബോവാസ് റൂത്തിനോട് പറഞ്ഞതെന്ത്?
18. നവോമി എത്രകാലം മൊവാബിൽ താമസിച്ചു?
19. എന്തുപറഞ്ഞാണ് ബോവാസ് കൊയ്ത്തുകാരെ അഭിവാദനം ചെയ്തത്?
20. ഉത്തമ സ്ത്രീ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെ?
21. എലിമെലെക്ക് കുടുംബത്തോടൊപ്പം ഏതുദേശത്തേക്കാണ് കുടിയേറിയത്?
22. 'അമ്മ പോകുന്നിടത്ത് ഞാനും വരും' എന്ന് പറഞ്ഞതാര്?
23. നവോമിയുടെ ഭർതൃകുടുംബത്തിലെ ധനികനാര്?
24. ബോവാസ് മുൻപ് പറഞ്ഞ ബന്ധുവിനെ കാണാൻ എവിടെ ചെന്നു?

# നവംബർ മാസത്തെ കുടുംബയോഗങ്ങൾ

| യൂണിറ്റ് | ദിവസം | ഭവനം |
|---|---|---|
| താഴയ്ക്കാമണ്ണടി | 08/11/2025<br>16/11/2025 | ചെല്ലമ്മ<br>ത്രേസ്യാൾ |
| ചില്ലിൻവിള | 08/11/2025<br>23/11/2025 | സന്തോഷ്<br>സോമൻ |
| വലിയവിള | 09/11/2025 | രാജമണി |
| പ്ലാന്തോട്ടം | 02/11/2025<br>16/11/2025 | വിനോദ്<br>ഫ്രാൻസിസ് |
| മോന്തിവിള | 09/11/2025<br>16/11/2025 | സുനിൽകുമാർ<br>മോഹനൻ |
| കാരയ്ക്കാവിള | 02/11/2025<br>16/11/2025 | അജിത്<br>ജോയ് |
| പണ്ടാരത്തോട്ടം | 08/11/2025<br>16/11/2025 | അശോക് കുമാർ<br>ശൈല |
| മണ്ണക്കല്ല് | 16/11/2025 | വിക്ടർ സേവിയർ |
| പുത്തൻകട | 09/11/2025<br>16/11/2025 | ജോണി ബിന്ദുലേഖ<br>സുരേഷ് |
| മുടന്താന്നി | 09/11/2025<br>16/11/2025 | സുജ റാണി<br>ഗോപി |
| മണലിക്കടവ് | 08/11/2025<br>22/11/2025 | സുനിൽ<br>ആനന്ദകുമാർ |
| മലഞ്ചരിക് | 09/11/2025<br>16/11/2025 | സുനിൽ<br>പരമേശ്വരൻ |
| പഴയകട | 09/11/2025<br>16/11/2025 | രാജൻ<br>ജോണി |
| പട്ട്യക്കാല | 09/11/2025<br>19/11/2025 | സുരേഷ്<br>ജോണി |
| കുളങ്ങരവിള | 08/11/2025<br>22/11/2025 | ഷൈജു<br>അനിൽകുമാർ |
| പള്ളിമന | 09/11/2025<br>16/11/2025 | മധു<br>അഖിൽരാജ് |
| കടവിള | 09/11/2025<br>22/11/2025 | ചന്ദ്രിക<br>അരുൺ |
| പുന്നയ്ക്കാവിള | 09/11/2025<br>22/11/2025 | ബിജിൽ<br>മധു |

# 2025 സെപ്റ്റംബർ, വരിതന്നവരുടെ പേരുവിവരം

| | |
|---|---|
| 1. ലിജിഷ, കുളങ്ങരവിള | 3000 |
| 2. അഖിൽ ബി ഷാജി, പഴയകട | 6500 |
| 3. ഷൈജു എസ്. എസ്., കടവിള | 5000 |
| 4. പുഷ്പം, മോന്തിവിള | 300 |
| 5. അനിൽകുമാർ.ടി, മണലിക്കടവ് | 1000 |
| 6. അനീഷ് എൻ. എസ്., താഴയ്ക്കാമണ്ണടി | 1000 |
| 7. ജോൺറോസ്, മണ്ണക്കല്ല് | 1000 |
| 8. സജി ആർ. എ., കാരയ്ക്കാവിള | 1000 |
| 9. ഗ്രിഗറി, പഴയകട | 500 |
| 10. അജു, പഴയകട | 250 |
| 11. വാത്സല/അരുൺകുമാർ, പള്ളിമന | 450 |
| 12. ഗീത.എസ്, കാരയ്ക്കാവിള | 1050 |
| 13. പ്രവീൺ ജോൺ.ജെ, പഴയകട | 1000 |
| 14. പ്രേംകുമാർ, മുടന്താന്നി | 150 |
| 15. ജോയി ടി. എസ്., മോന്തിവിള | 300 |
| 16. ബിജുകുമാർ, പള്ളിമന | 200 |
| 17. ജോൺ.ജി, പള്ളിമന | 200 |
| 18. സാബുകുമാർ, പഴയകട | 200 |
| 19. അനീഷ്കുമാർ, താഴയ്ക്കാമണ്ണടി | 100 |
| 20. കൃഷ്ണൻ നാടാർ, മണലിക്കടവ് | 370 |
| 21. ശ്രീകുമാർ,താഴയ്ക്കാമണ്ണടി | 300 |
| 22. അനിൽ കുമാർ എസ്. എൽ., മണലിക്കടവ് | 100 |
| 23. രാജൻ, മോന്തിവിള | 250 |
| 24. രവീന്ദ്രദാസ്, മോന്തിവിള | 500 |
| 25. അഖിൽ.ആർ, മോന്തിവിള | 1000 |
| 26. സജി, മോന്തിവിള | 500 |
| 27. മധു, പുന്നയ്ക്കാവിള | 300 |
| 28. രാജു, പള്ളിമന | 1000 |
| 29. ഡിബിൻ കെ. എസ്., കാരയ്ക്കാവിള | 12000 |
| 30. അഖിൽ, പുന്നായ്ക്കാവിള | 400 |
| 31. രാഖി, പുത്തൻകട | 50 |
| 32. ആഷ്കുമാർ എം. എൽ., മണലിക്കടവ് | 500 |
| 33. സിബി ടി. എസ്, കുളങ്ങരവിള | 150 |
| 34. സുജിത്ത്.ജി, കുളങ്ങരവിള | 100 |
| 35. സ്റ്റീഫൻ, പഴയകട | 500 |
| 36. സലിം വി. എസ്., പുത്തൻകട | 1000 |
| 37. വിനോദ് എസ്. ആർ., പ്ലാന്തോട്ടം | 600 |
| 38. മോഹനൻ, പുത്തൻകട | 3000 |
| 39. ക്രിസ്തുരാജൻ, പഴയകട | 700 |
| 40. ശ്രീകാന്ത്, പഴയകട | 4500 |
| 41. ലോറൻസ്, പ്ലാന്തോട്ടം | 1600 |
| 42. റോബി.കെ, പള്ളിമന | 2000 |
| 43. സബിൻ, പള്ളിമന | 1000 |
| 44. അപ്പുക്കുട്ടൻ, പുത്തൻകട | 500 |

| | |
|---|---|
| 45. സത്യൻ, മുടന്താന്നി | 250 |
| 46. ജോൺറോസ്, കാരയ്ക്കാവിള | 3000 |
| 47. സുജൻ, മലഞ്ചെരിക് | 600 |
| 48. ആനന്ദ്കുമാർ,മണലിക്കടവ് | 2100 |
| 49. അജയാക്ഷൻ, പുത്തൻകട | 1000 |
| 50. പ്രദീഷ്, പുത്തൻകട | 2000 |
| 51. അനു ആർ. സി., കടവിള | 3600 |
| 52. സ്റ്റീഫൻ, വലിയവിള | 6000 |
| 53. രാജരത്നം, താഴയ്ക്കാമണ്ണടി | 100 |
| 54. ദേവസഹായം, കാരയ്ക്കാവിള | 300 |
| 55. സദാനന്ദൻ.എ, മുടന്താന്നി | 200 |
| | 75270 |

# 2025 സെപ്റ്റംബർ വരവ് ചെലവ് കണക്കുകൾ

| | | |
|---|---|---|
| <u>വരവ്</u> | | |
| 2/9/25 വീഡിയോ ചാർജ് | 2000 | |
| 7/9/25 ഞായർ ആദ്യ ദിവ്യബലി കാണിക്ക | 3928 | |
| കാഴ്ചവയ്പ്പ് പുത്തൻകട യൂണിറ്റ് | 2410 | |
| 7/9/25 ഞായർ രണ്ടാം ദിവ്യബലി കാണിക്ക | 3877 | |
| ലേലം | 275 | |
| 10/9/25 വീഡിയോ ചാർജ് | 1000 | |
| ഓസ്തി വീഞ്ഞ് നേർച്ച | 650 | |
| 11/9/25 അനുസ്മരണ ദിവ്യബലി കാഴ്ചവയ്പ്പ് | 1220 | |
| 14/9/25 ഞായർ ആദ്യ ദിവ്യബലി കാണിക്ക | 15909 | |
| കാഴ്ചവയ്പ്പ് വലിയവിള യൂണിറ്റ് | 2680 | |
| 14/9/25 ഞായർ രണ്ടാം ദിവ്യബലി കാണിക്ക | 20799 | |
| പള്ളിക്കുരിശ്ശടി കാണിക്ക | 12697 | |
| പട്ട്യക്കാല കുരിശ്ശടി കാണിക്ക | 9699 | |
| പണ്ടാരത്തോട്ടം കുരിശ്ശടി കാണിക്ക | 5057 | |
| സാരി (2) | | |
| ഷാൾ(1) | | |
| പുന്നയ്ക്കാവിള കുരിശ്ശടി കാണിക്ക | 2703 | |
| കടവിള കുരിശ്ശടി കാണിക്ക | 951 | |
| ചില്ലിൻവിള കുരിശ്ശടി കാണിക്ക | 1713 | |
| താഴയ്ക്കമെണ്ണടി കുരിശ്ശടി കാണിക്ക | 1219 | |
| നോട്ട്മാല (3) | 1200 | |
| സ്വർണ്ണ കുരിശ് (1) | | |
| പുത്തൻകട കുരിശ്ശടി കാണിക്ക | 1805 | |

| | | |
|---|---|---|
| 15/9/25 ബിജുകുമാർ (മണലിക്കടവ്) ഒരു സ്വർണ്ണ കുരിശ് കാഴ്ചവയ്പ്പ് | | |
| 21/9/25 ഞായർ ആദ്യ ദിവ്യബലി കാണിക്ക | 3468 | |
| കാഴ്ചവയ്പ്പ് (മുടന്താന്നി യൂണിറ്റ്) | 1380 | |
| 21/9/25 ഞായർ രണ്ടാം ദിവ്യബലി കാണിക്ക | 3662 | |
| ലേലം | 1260 | |
| 28/9/25 ഞായർ ആദ്യ ദിവ്യബലി കാണിക്ക | 2820 | |
| കാഴ്ചവയ്പ്പ് വിൻസെന്റ് ഡി പോൾ സംഘടന | 1630 | |
| മാസവരി ഇനത്തിൽ | 75270 | |
| 28/9/25 ഞായർ രണ്ടാം ദിവ്യബലി കാണിക്ക | 3436 | |
| **ചെലവ്** | | |
| 1/9/25 ഡാറ്റ കളക്ഷൻ ഫയൽ | | 531 |
| 5/9/25 ഏഷ്യാനെറ്റ് ഇന്റർനെറ്റ് ചാർജ് | | 4800 |
| 7/9/25 ബി.സി.സി മീറ്റിംഗിന് ചായ | | 380 |
| 9/9/25 കടവിള കുരിശ്ശടി വാർഷികത്തിന് അധിക ചെലവ് | | 1742 |
| 10/9/25 പണ്ടാരത്തോട്ടം കുരിശ്ശടി നിർമ്മാണം കടം തീർത്തത് | | 57000 |
| 10/9/25 ഓസ്തി വാങ്ങിയത് | | 480 |
| 30/8/25 ക്രിസ് വോയ്സ് | | 1350 |
| 11/9/25 താഴയ്ക്കാമണ്ണടി കുരിശ്ശടി വാർഷികത്തിന് അധിക ചെലവ് | | 12148 |
| 13/9/25 ജീസസ് ഫ്രണ്ട്സ് ക്ലാസിനു കുട്ടികളെ കൊണ്ടുപോയത് | | 400 |
| 15/9/25 രൂപതയിൽ ഡി.സി അടച്ചത് | | 40000 |
| 15/9/25 അക്കൗണ്ട്സ് ബുക്ക്, വൗച്ചർ എന്നിവ വാങ്ങിയത് | | 384 |
| 15/9/25 വൈൻ വാങ്ങിയത് | | 760 |
| 16/9/25 രോഗികൾക്ക് വിശുദ്ധ കുർബാന കൊടുക്കാൻ പോയ വാഹന വാടക | | 300 |
| 19/9/25 ബാൻഡ് പ്രാക്ടിസ് ടി.എ | | 2000 |
| 20/9/25 മേടയിലെ സി.സി.ടി.വി. സ്ക്രീൻ ശരിയാക്കിയത് | | 2600 |
| 20/9/25 ഓസ്തി വാങ്ങിയത് | | 2100 |
| 22/9/25 പള്ളിയിലെയും താഴയ്ക്കാമണ്ണടി കുരിശ്ശടിയിലെയും ഇലക്ട്രിക്കൽ വർക്ക് | | 14820 |
| 24/9/25 മെഴുകുതിരി വാങ്ങിയത് | | 750 |
| 28/9/25 ഉർസുലൈൻ സിസ്റ്റേഴ്സിന്റെ പ്രൊവിൻഷിയാളിന് സ്വീകരണം | | 400 |
| 28/9/25 ഒന്നാം ദിവ്യബലി കാഴ്ചവയ്പ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് കൊടുത്തത് | | 1630 |
| 28/9/25 ദീപിക ദിനപത്രം (4 മാസം) | | 1140 |
| 29/9/25 സ്കൂളിന്റെ കെട്ടിട കരം | | 4363 |
| 9/9/25 പരസ്പര സഹായനിധി അടച്ചത് (3 എണ്ണം) | | 12000 |
| 9/9/25 രോഗികൾക്ക് വിശുദ്ധ കുർബാന കൊടുക്കാൻ പോയ വാഹന വാടക | | 300 |
| 30/9/25 ഇടവക വികാരി അലവൻസ് | | 15000 |

| | | |
|---|---|---|
| ഇടവക വികാരി ടി.എ<br>ഉപദേശി അലവൻസ്<br>കപ്യാർ അലവൻസ്<br>സ്വീപ്പർ അലവൻസ് | | 2000<br>4000<br>2500<br>2000 |
| ആകെ | 184670 | 187878 |
| തൻമാസ അധിക ചെലവ് | | 3208 |
| മുൻമാസ നീക്കിയിരുപ്പ്<br>തൻമാസ അധിക ചെലവ് | 206737<br>3208 | |
| ആകെ നീക്കിയിരുപ്പ് | 203529 | |

# ഞങ്ങളുടെ മധ്യസ്ഥൻ ഫ്രാൻസിസ് സേവ്യർ



കവിത രഘു
പുന്നയ്ക്കാവിള

ഫ്രാൻസിസ് സേവ്യറേ നിന്നുടെയുള്ളിൽ
ദൈവീക സ്നേഹം ജ്വലിച്ചീടവേ
വിശ്വസമ്പാദ്യങ്ങളെല്ലാമുപേക്ഷിച്ച്
സത്യദൈവത്തിൻ പിന്നാലെ പോയി
ക്രൂശിതരൂപവും കൈയിലേന്തി
ഞങ്ങൾ തൻ മധ്യസ്ഥനായി മാറി
ക്രിസ്തുരൂപത്തിന്റെയുവജ്വാലായിൽ
നിത്യം ജ്വലിച്ചുയർന്നീടുക നീ
നിന്നുടെ പാതയിലായിരം ഭക്തൻമാർ
നിൽക്കുന്നു നീയെന്നും നോക്കിടണേ
ആധികൾ, വ്യാധികൾ,
രോഗങ്ങൾ പീഡകൾ സകലതും
താതനോടൊതിടണേ
അവിടുത്തെ മാധ്യസ്ഥ്യം ജ്വലിക്കുന്നു അഗ്നിയായി
പകരണേ ഞങ്ങൾതൻ വീഥിയിൽ
നിൻ ത്യാഗജീവിതമെന്നും വിളക്കായി
തെളിയണേ ഞങ്ങൾതൻ മാനസത്തിൽ
മാനവർ ഞങ്ങൾതൻ യാതനയോരോന്നും
പരാമപിതാവിനോടൊത്തിടണേ
അഴലുകൾ നീക്കുവാനജ്ഞത മാറ്റുവാൻ
അലിവുണ്ടാകുവാനപേക്ഷിച്ച
നശ്വരതയിലെന്നും ചരിച്ചീടുവാൻ
ദൈവീക പാതയിലെന്നും ചലിക്കുവാൻ
കനിവുണ്ടാകുവാനപേക്ഷിക്കണേ



# ഗവ. ജോലിക്ക് ഗവ. അംഗീകൃത
# കോഴ്സുകൾ

- PGDCA, DCA
- DTP, CTTC
- Auto CAD
- Accounting
- Data Entry,
- SAP, Digital Marketing
- Web Designing

## ഉന്നത വിജയം നേടാൻ ഉന്നത നിലവാരമുള്ള
# കമ്പ്യൂട്ടർ കോഴ്സുകൾ

**Cybo TECH COMPUTERS**

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
കോൺവെന്റ് റോഡ് നെയ്യാറ്റിൻകര
ഫോൺ 8281105686,9446903873